# Siraj
# 30 July 2018
# Thodupuzha; Water Level in the Kalliyar River Risen

### തൊമ്മൻകുത്തിലെ ഉരുൾപൊട്ടൽ:

## കാളിയാർ പുഴയിൽ ജലനിരപ്പ് ഉയർന്നു

**തൊടുപുഴ:** തൊമ്മൻകുത്തിൽ ഉരുൾപൊട്ടിയതിനേത്തുടർന്നു കാളിയാർ പുഴയിൽ ജലനിരപ്പ് ഉയർന്നു. ഇതോടെ കോടിക്കുളം പഞ്ചായത്തിലെ മുപ്പതോളം വീടുകളിൽ വെള്ളംകയറി. പഞ്ചായത്തിന്റെ പാറപ്പുഴ തെന്നത്തൂർ പ്രദേശങ്ങളിലെ ഒന്നും രണ്ടും വാർഡുകളിലായി ഇരുപത്തിയഞ്ചോളം വീടുകളിലും, കൊടുവേലി ഭാഗത്ത് നാലാംവാർഡിൽ മൂന്നു വീടുകളിലുമാണ് വെള്ളം കയറിയത്. ഒരുമാസത്തിനിടെ രണ്ടാം തവണയാണ് ഇവിടങ്ങളിലെ വീടുകൾ വെള്ളത്തിനടിയിലാകുന്നത്.

രണ്ടാഴ്ച്ച മുൻപ് ഉരുൾപൊട്ടലിനെയും കനത്ത മഴയെയും തുടർന്ന് ഇതേപ്രദേശത്ത് കാളിയാർ പുഴയിൽ നിന്നും വെള്ളം കയറിയിരുന്നു. വെള്ളത്തിനടിയിലായ വീടുകൾ ഉപേക്ഷിച്ച് അന്തേവാസികൾ ദുരിതാശ്വാസ ക്യാംപുകളിൽ എത്തിയിരുന്നു. ജലനിരപ്പു കുറഞ്ഞതിനെ തുടർന്ന് ചെളിനിറഞ്ഞ വീടുകൾ വൃത്തിയാക്കി വീട്ടുപകരണങ്ങളുമായി തരികെ എത്തി അധികനാൾ കഴിയും മുൻപേ പഴയ അവസ്ഥ വീണ്ടും നേരിടുകയാണ് ഇവിടെയുള്ള മുപ്പതോളം വീട്ടുകാർ. തൊമ്മൻകുത്ത് വെള്ളച്ചാട്ടത്തിനുമുകളിലായി വേളൂർ പ്രദേശത്ത് ഇന്നലെ പുലർച്ചെയുണ്ടായ ഉരുൾ പൊട്ടലിനെ തുടർന്നാണ് കാളിയാർ പുഴയിൽ ജലനിരപ്പുയർന്നത്. പുലർച്ചെ നാലുമണിയോടെ വീടുകൾ വെള്ളത്തിലായി. ജലനിരപ്പ് ഉയരുന്നതായി മനസിലാക്കിയവർ സമീപത്തെ പുരയിടങ്ങളിലേയ്ക്കും മറ്റും വീട്ടുപകരണങ്ങൾ മാറ്റിയെങ്കിലും മഴ തടസമായി നിന്നു.

രാവിലെ ഏഴോടെ പഞ്ചായത്ത്, വില്ലേജ് അധികൃതർ സംഭവസ്ഥലത്ത് എത്തി, ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിച്ചു. തെന്നത്തൂർ സെന്റ്.മേരീസ് എൽ.പി സ്കൂൾ, പാറപ്പുഴ സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ ആരംഭിച്ചിരിക്കുന്നത്. വൈകിട്ടോടെ ജലനിരപ്പ് ഒന്നരയടിയോളം താഴ്ന്നെങ്കിലും മഴ തുടർന്നതുമൂലം ക്യാമ്പിലുള്ളവർ വീടുകളിലേക്ക് തിരികെ പോയില്ല. വെള്ളം പൂർണമായും താഴ്ന്ന് സാധാരണ ഗതിയിലെത്തിയാൽ പോലും ഇവരുടെ വീടുകൾ പൂർവ സ്ഥിതിയിലാകാൻ ഏറെ പാടുപെടേണ്ടതായി വരും. രണ്ടുപ്രാവശ്യം വെള്ളം കറിയ വീടുകൾക്ക് ബലക്ഷയം സംഭവിക്കുമെന്നതാണ് ഇവർ നേരിടുന്ന പ്രധാന വെല്ലുവിളി. വെള്ളം കയറിയ വീടുകൾ പലതും പഴക്കം ചെന്നവയാണ്.

വെള്ളപ്പൊക്ക സാധ്യത നിലനിൽക്കുന്നതിനാൽ പുഴയോര പ്രദേശങ്ങളിൽ താമസിക്കുന്ന നിരവധിപേരെ ഇനിയും മാറ്റിപ്പാർപ്പിക്കേണ്ടതായി വരുമെന്ന് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി. ഇത്തരക്കാരെ ലൈഫ് പദ്ധതി ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ ഭൂ രഹിതഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാ കലക്ടറോട് ആവശ്യപ്പെടുമെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി.